പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 275      28.06.2011-ൽ മറുപടിയ്ക്ക്

തിരൂർ നിയോജക മണ്ഡലത്തിൽ പുതിയ സബ്സ്റ്റേഷൻ തുടങ്ങാൻ നടപടി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി വിതരണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമാക്കുന്നതിനായി പുതിയ ഇലക്ട്രിക് സബ് ഡിവിഷനും, മലപ്പുറം ജില്ലയിൽ പുതിയ സബ് സ്റ്റേഷനും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.<br>മലപ്പുറം ജില്ലയിലെ തിരൂർ നിയോജക മണ്ഡലത്തിൽ 110 കെ. വി തിരൂർ സബ്സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കൽപ്പകഞ്ചേരിയിൽ ഒരു പുതിയ 33 കെ. വി സബ്സ്റ്റേഷൻ തുടങ്ങുന്നതിനായി ഭരണാനുമതിയും നൽകിയിട്ടുണ്ട്. ജില്ലയിൽ 33 കെ. വി സബ്സ്റ്റേഷൻെറ നിർമ്മാണം പൂർത്തീകരിച്ചു.<br>പൂക്കോട്ടുംപാടത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻെറ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. കൂടാതെ പരപ്പനങ്ങാടിയിൽ ഒരു 110 കെ. വി സബ്സ്റ്റേഷനും മങ്കടയിൽ RGGVY സ്കീമിൽ ഒരു 66 കെ.വി. സബ്സ്റ്റേഷനും, പോത്തുകല്ലിൽ ഒരു 33 കെ. വി സബ്സ്റ്റേഷനും ഉടൻ നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.